8436
11/4/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക സമുദായ ക്ഷേമം - പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 'അഡ്വക്കേറ്റ്സ് ഗ്രാന്റ്' പദ്ധതി തുക 7,500/- രൂപയിൽ നിന്നും 12,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

===

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ.39/2017/പി.സ.വി.വ. തീയതി, തിരുവനന്തപുരം, 30.03.2017.

===

പരാമർശം:- 1. സ. ഉ. (സാധാ) നം. 1493/2012/പി.സ.വി.വ., തീയതി 20.11.2012.
2. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 01.09.2016, 13.01.2017 എന്നീ തീയതികളിലെ BCDD-A1-2740/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പിന്നാക്ക സമുദായ വികസന വകുപ്പ് 'അഡ്വക്കേറ്റ്സ് ഗ്രാന്റ് 'പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം 7,500/- രൂപയാണ് 'അഡ്വക്കേറ്റ്സ് ഗ്രാന്റ് ' ആയി നൽകി വരുന്നത്. പദ്ധതിയുടെ നിലവിലെ തുകയായ 7,500/- രൂപയിൽ നിന്നും 12,000/- രൂപയായി വർദ്ധിപ്പിക്കണമെന്ന് 27.07.2016 -ലെ വിഷയ നിർണ്ണയ സമിതി യോഗത്തിൽ ബഹു. പിന്നാക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ തുക ഉയർത്തുന്നതിനുള്ള ശിപാർശ സൂചന 2 പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന 'അഡ്വക്കേറ്റ്സ് ഗ്രാന്റ് ' പദ്ധതിയുടെ ഗ്രാന്റ് തുക നിലവിലെ 7,500/- രൂപയിൽ നിന്നും 12,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. ഇതിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും പരാമർശം 1 -ലെ സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ ബാധകമായിരിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**പി. സ്നേഹലത**
**ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ), തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (WW3/187/2016-FIN (e. 351614, തീയതി 13.03.2017 പ്രകാരം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*